# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2381 17.08.2017-ൽ മറുപടിക്ക്

**സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംരക്ഷണം**

**ചോദ്യം**

ശ്രീ. സി.ദിവാകരൻ

**മറുപടി**

ശ്രീ. എ.കെ.ബാലൻ

(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രൊഡക്ഷൻ യൂണിറ്റിന്റെ സ്ഥാപനങ്ങളുടെ കീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960 ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരൻമാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ഈ മേഖലയിലെ പ്രത്യേക സാഹചര്യം കൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴിഞ്ഞിട്ടില്ല.<br>നിലവിൽ, സിനിമാ മേഖലയിൽ സർക്കാരിനുള്ള നിയന്ത്രണം പരിമിതമാണ്. സംഘടനകളുടെ നിയന്ത്രണത്തിലാണ് സിനിമാ മേഖല. ഈ സ്ഥിതി വിശേഷത്തിന് മാറ്റം വരുത്തുന്നതിനും സിനിമാമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഒരു സമഗ്ര പരിഷ്കാരം വരുത്തുന്നതിനുമായും ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ വിവിധ മേഖലകളിലെ പ്രതിനിധികൾ, സർക്കാർ പ്രതിനിധികൾ, വിദഗ്ദ്ധ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സാംസ്കാരിക വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 'സിനിമ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥകൾ എന്നിവ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി റിട്ട. ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായി ഒരു സമിതിയെ ഈ സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (ബി) | സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമം ബാധകമാണോ; അല്ലെങ്കിൽ അവരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | സിനിമാ മേഖലയിലെ സംഘടനകളുടെ മേൽ സർക്കാരിന് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ